# പത്രക്കുറിപ്പ്

19.10.2017

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2017 ഏപ്രിൽ 1 മുതൽ 2017 ജൂൺ വരെയുള്ള കാലയളവിൽ, വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കമ്മീഷൻ അംഗീകരിച്ചതിൽ നിന്നുമുണ്ടായ അധിക ബാധ്യത ഇന്ധന സർചാർജ്ജായി ഈടാക്കുന്നതിനുള്ള അപേക്ഷ 2017 ആഗസ്റ്റ് 8ന് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത അപേക്ഷ കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ടി അപേക്ഷയിന്മേലുള്ള പൊതുതെളിവെടുപ്പ് കമ്മീഷന്റെ വെള്ളയമ്പലത്തുള്ള ഓഫിസിൽ വച്ച് 08.11.2017 രാവിലെ 11 മണിക്ക് നടത്തുന്നതാണ്. പ്രസ്തുത പൊതുതെളിവെടുപ്പിൽ പൊതുജനങ്ങൾക്കും, മറ്റ് അഭ്യുദയകാംക്ഷികൾക്കും താത്പര്യമുള്ളവർക്കും പങ്കെടുത്ത്, അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും, രേഖപ്പെടുത്താവുന്നതാണ്. തപാൽ മുഖേന അഭിപ്രായങ്ങൾ അയയ്ക്കുന്നവർ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി. രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 08.11 .2017 ന് മുമ്പായി കിട്ടത്തക്കവിധം അയയ്ക്കേണ്ടതാണ്.

സെക്രട്ടറി

F:\DY DIRECTOR SMT SAVITHA\OCT 2017\COMMN OFFICE HEARING ON 8.11.2017-press release dt 16.10.2017.docx